**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 47** | **28-01-2026 - ൽ മറുപടിയ്ക്ക്**

**സഹകരണമേഖലയുടെ ഡിജിറ്റൽവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ്,<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ലോകത്ത് വിവരസാങ്കേതികവിദ്യാ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ സഹകരണമേഖലയിലും എത്തിക്കുന്നതിന് സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | വിവര സാങ്കേതികവിദ്യാ രംഗത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ സഹകരണ മേഖലയിൽ എത്തിക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. Co-operative Inspection Management System (CIMA)**<br><br>സഹകരണ മേഖലയുടെ നവീകരണത്തിനു പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കുന്നതിനുമായി സഹകരണ സംഘങ്ങളുടെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഒരു ഡിജിറ്റൽ സംവിധാനമാണ് CIMA(Version 1.0).<br><br>01.03.2025 മുതൽ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളു വനിതാ, ഹൗസിങ് എംപ്ലോയീസ് സഹകരണ സംഘങ്ങളും ആകസ്മിക പരിശോധനകൾ CIMA ആപ്ലിക്കേഷൻ വഴിയാണ് നടത്തുന്നത്.<br><br>നോൺ ക്രെഡിറ്റ് വിഭാഗത്തിൽപ്പെടുന്ന സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്താൻ ഉള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>**2. Society Byelaw Registration and Amendment System (CORASS)**<br><br>സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി നടപടികൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനായി ICDMS വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിന |

കൂടുതൽ സമഗ്രത നൽകുന്നതിനായി Sub Rule അംഗീകാരം കൂടി ഉൾപ്പെടുത്തി CORASS എന്ന വെബ് ആപ്ലിക്കേഷൻ CDIT ന്റെ സഹകരണത്തോടെ നിർമ്മാണം നടത്തി വരുന്നു. നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട് AI സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്ന വെബ്സൈറ്റ് സഹകരണ സംഘം രജിസ്ട്രേഷൻ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ പൂർണമായും ഓൺലൈൻ മുഖേന ചെയ്യാവുന്ന വിധത്തിൽ ആണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

### 3. MRF Portal (Member Relief Fund)

അംഗ സമാശ്വാസ നിധി (Member Relief Fund) പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിന തീരുമാനിച്ചിട്ടുണ്ട്.

ഈ സംവിധാനത്തിലൂടെ അപേക്ഷ സമർപ്പണം ലളിതമാക്കുന്നതിനു അപേക്ഷകളുടെ സ്റ്റാറ്റസ് ഓൺലൈനായി അറിയാനും ധനസഹായം വേഗത്തി ലഭ്യമാക്കുന്നതിനും കഴിയും. ഇതുവഴി അപേക്ഷകൻ രേഖകൾക്കായി ഓഫീസുകൾ കയറി ഇറങ്ങേണ്ട അവസ്ഥ ഒഴിവാക്കാൻ കഴിയും.

### 4. "അങ്ങാടി കേരള" ആപ്പ്

കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ് "Coop Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപ്പന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോ ഒരുക്കുന്നു. "അങ്ങാടി കേരള" ആപ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വിൽപ്പന കേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപഭോക്തൃ ഇന്റർഫേസ് ഉപഭോക്തൃ അഭിപ്രായം, റേറ്റിംഗ് സംവിധാന എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു.

ഉൽപ്പാദകരുടെയും ഉപഭോക്താക്കളുടെയു ഇടയിൽ നേരിട്ടുള്ള ബന്ധ സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ

ഒഴിവാക്കാനും, നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആറ് സഹായകരമാകും. ഇതിലൂടെ ഗുണനിലവാരം അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വ ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും വ്യക്തതക്കുറവുകളു ലഘൂകരിക്കുകയും ചെയ്യുന്നു.

### 5. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ്‌വെയർ

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും, ഒരു യൂണിഫോ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന ഭരണാനുമതി നൽകി ഉത്തരവ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Request fo Proposal(RFP) തയ്യാറാക്കി e-tende website-ൽ പ്രസിദ്ധീകരിച്ച് ടെണ്ടർ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ച വരുന്നു.

### 6. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഓൺലൈൻ പോർട്ടൽ

സംസ്ഥാനത്തെ സഹകരണ ബാങ്ക് സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവു ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച വരുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണമായും ഓൺലൈന സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബോർഡ് നടപ്പിലാക്കുന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി, സഹകരണ ക്ഷേമ വികസന പദ്ധതി എന്നിവയിലേക്ക സംഘങ്ങൾക്ക് അംഗത്വം നൽകൽ, റിസ്ക ഫണ്ട് വിഹിതം അടവാക്കൽ, റിസ്ക് ഫണ്ട ക്ലെയിം അപേക്ഷകൾ സ്വീകരിക്കൽ, ട അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ച ധന സഹായം അനുവദിക്കൽ, ക്ഷേമ വികസന പദ്ധതി വാർഷിക വിഹിത അടവാക്കൽ എന്നിവയാണ് പ്രധാനമായു

പോർട്ടൽ സംവിധാനം ഉപയോഗിച്ച് നടപ്പിലാക്കുന്നതിനു ഉദ്ദേശിക്കുന്നത്.

### 7. Cooperative Employee Management System (CEMS)

സർക്കാർ ജീവനക്കാർക്കായുള്ള Integrated Personnel, Payroll and Accounts Information System സോഫ്റ്റ്‌വെയർ ആയ SPARK മാതൃകയിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി ഒരു സോഫ്റ്റ്‌വെയർ സംവിധാനം തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ CEMS പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതുവഴി സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ HR, സർവീസ് ഡീറ്റെയിൽസ്, ട്രെയിനിങ്, പെൻഷൻ ഡീറ്റെയിൽസ്, എക്സാമിനേഷൻ ബോർഡ്, പെൻഷൻ ബോർഡ്, എംപ്ലോയീസ് വെൽഫെയർ ബോർഡുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാനാകും.

### 8. കോ-ഓപ്പ് കണക്ട് (Co-op Connect App)

സഹകരണ മേഖലയിലെ വിവിധ സേവനങ്ങളെ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്.

ഈ ആപ്പിലൂടെ പ്രസവപൂർവ് - പ്രസവാനന്തര പരിചരണ സേവനങ്ങൾ, പ്ലംബിംഗ് ഇലക്ട്രിക്കൽ ജോലികൾ, അപ്ലയൻസ് റിപ്പയർ, പെയിന്റിംഗ്, പെസ്റ്റ് കൺട്രോൾ സലൂൺ എന്നീ സേവനങ്ങളുടെ സേവന ദാതാക്കളെയും ഉപഭോക്താക്കളെയും ഡിജിറ്റലായി ബന്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

### 9. ഓൺലൈൻ ഡി.സി.ബി (Online DCB - Demand Collection Balance)

സഹകരണ സംഘങ്ങൾ സർക്കാരിലേക്ക് അടയ്ക്കാനുള്ള വിവിധ കുടിശ്ശികകളുടെ (വായ്പ തിരിച്ചടവ്, ഓഹരി മൂലധനം, ഓഡിറ്റ് ഫീസ് കെ.എസ്.ആർ ചിലവുകൾ തുടങ്ങിയവ) ശേഖരണം പൂർണ്ണമായും ഓട്ടോമേറ്റഡ്

ആക്കുന്ന സംവിധാനമാണ് **ഓൺലൈ ഡി.സി.ബി.**

വിവിധ ഓഫീസുകളിൽ നിന്നുള്ള വിവരങ്ങ ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോമി ലഭ്യമാകുന്നതോടെ, സർക്കാരിലേക ലഭിക്കേണ്ട തുകയെക്കുറിച്ചുള്ള കൃത്യമാ കണക്കുകൾ ഏതുസമയത്തും ലഭ്യമാകും. ഇ വഴി സഹകരണ മേഖലയും സർക്കാ തമ്മിലുള്ള സാമ്പത്തിക ഇടപാടുകൾക സുതാര്യത ഉറപ്പാക്കാൻ സാധിക്കും.

## 10. എച്ച്.ആർ.എം.എസ് (HRMS - Huma Resource Management System)

നിലവിൽ വകുപ്പിലെ ജീവനക്കാരു സ്ഥലംമാറ്റവും നിയമനങ്ങളും, വകുപ്പ് നടത്തുന വിവിധ ഔദ്യോഗിക പരിശീലനങ്ങൾക്കാ ജീവനക്കാരെ തിരഞ്ഞെടുക്കുന്നതും ജീവനക്കാരുടെ സേവന ചരിത്രം ഡിജിറ്റ സർവീസ് റെക്കോർഡ് ആയി സൂക്ഷിക്കുന്നതു ഈ സോഫ്റ്റ്‌വെയർ മുഖേനയാണ്.

## 11. സഹകരണ ഇലക്ഷൻ മാനേജ്മെന സിസ്റ്റം

സഹകരണ സംഘങ്ങളുടെ ഇലക്ഷ നടത്തുന്നതിനുള്ള അപേക്ഷക ഓൺലൈനായി സമർപ്പിച്ച് തുടർനടപടിക സ്വീകരിക്കുന്നതിനായി വെബ് ആപ്ലിക്കേഷ വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട കാലാനുസൃതമായി അപ്ഡേഷ നടത്തുന്നതിനുള്ള നടപടികള സ്വീകരിച്ചിട്ടുണ്ട്.

## 12. Co-operative Audit Monitoring & Information System (CAMIS)

സഹകരണ ഓഡിറ്റ് കൂടുതൽ സുതാര്യവ കാര്യക്ഷമവും ആക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി CAMIS എന്ന ഓൺലൈൻ ആപ്ലിക്കേഷ വികസിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങള ഓഡിറ്റ് സംബന്ധിച്ച വിവരങ്ങള www.camis.kerala.gov.in എന്ന പോർട്ട വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **13. ഇ-ആഫീസ്**<br><br>സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കി വരുന്ന സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, 14 ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആഫീസുകളിലും, 14 ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും, 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ഓഫീസ് സംവിധാന നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനുമായി യൂണിഫോം സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Request for Proposal (RFP) തയ്യാറാക്കുകയും e-tender website-ൽ പ്രസിദ്ധീകരിച്ച് ടെണ്ടർ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചും വരുന്നു.<br><br>നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് യൂണിഫോം സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | സഹകരണ വിപണന രംഗം ഹൈ-ടെക് ആക്കുന്നത് ലക്ഷ്യമിട്ട് ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | കേരളത്തിലെ സഹകരണ വിപണന മേഖലയുടെ രൂപം മാറ്റുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന "അങ്ങാടി കേരള" ആപ്പ് "Coop Kerala" ബ്രാൻഡിന് കീഴിലുള്ള ഉൽപ്പന്നങ്ങൾക്ക് ഏകീകരിച്ച പ്ലാറ്റ്ഫോ ഒരുക്കുന്നു. "അങ്ങാടി കേരള" ആപ്പ് ഉപഭോക്താക്കൾക്ക് ലൊക്കേഷൻ അധിഷ്ഠിത സേവനങ്ങൾ മുഖേന സമീപ വിൽപ്പന കേന്ദ്രങ്ങൾ കണ്ടെത്താൻ സഹായിക്കുകയും |

| | | | |
|---|---|---|---|
| | | | ഓർഡർ സൗകര്യങ്ങൾ, തത്സമയ അറിയിപ്പുകൾ, മലയാളം - ഇംഗ്ലീഷ് ഭാഷകളിലുള്ള ഉപഭോക്തൃ ഇന്റർഫേസ് ഉപഭോക്തൃ അഭിപ്രായം, റേറ്റിംഗ് സംവിധാന എന്നിവയിലൂടെ വിപണനത്തെയും ഉപഭോക്തൃ അനുഭവത്തെയും ദൃഢമാക്കുകയും ചെയ്യുന്നു.<br><br>ഉൽപ്പാദകരുടെയും ഉപഭോക്താക്കളുടെയു ഇടയിൽ നേരിട്ടുള്ള ബന്ധ സ്ഥാപിക്കുന്നതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാനും, നടത്തിപ്പ് ചെലവുകൾ ഗണ്യമായി കുറയ്ക്കാനും ഈ ആപ് സഹായകരമാകും. ഇതിലൂടെ ഗുണനിലവാരം അളവ്, വില തുടങ്ങിയ ഘടകങ്ങളിൽ സമത്വ ഉറപ്പുവരുത്തുകയും വിപണിയിലെ നിലവിലുള്ള അഴിമതികളും വ്യക്തതക്കുറവുകളു ലഘൂകരിക്കുകയും ചെയ്യുന്നു.<br><br>29/12/2025 ന് "അങ്ങാടി കേരള" ആപ്പിന്റെ ഉദ്ഘാടനം നടത്തി. നാല് മാസത്തെ സമയബന്ധിതമായ പദ്ധതി പ്രവർത്തനരേഖയോടെയും ഭാവിയിൽ ഡിജിറ്റൽ പേയ്മെന്റ്, ലോജിസ്റ്റിക്സ് സേവനങ്ങൾ തുടങ്ങിയവയുടെ സംയോജനത്തിനുള്ള സാധ്യതകളോടെയു കൂടെ, "അങ്ങാടി കേരള" ആപ്പ് സഹകരണ മേഖലയിലെ ഡിജിറ്റൽ നവീകരണത്തിനുള്ള പ്രധാന മുന്നേറ്റമാണ്. |
| (ഡി) | സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ഭേദഗതി തുടങ്ങിയ പ്രവർത്തനങ്ങൾ സുഗമമായും സുതാര്യതയോടെയും കൈകാര്യം ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനായി ICDMS വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ സമഗ്രത നൽകുന്നതിനായി Sub Rule അംഗീകാരം കൂടി ഉൾപ്പെടുത്തി, ബൈലോ രജിസ്ട്രേഷൻ / ഭേദഗതി നടപടികൾ കൂടുതൽ വേഗത്തിലും ഫലപ്രദമായും നടത്തുന്നതിനുള്ള പുതിയ വെബ്സൈറ്റ് CORASS എന്ന പേരിൽ സിഡിറ്റിന്റെ സഹകരണത്തോടെ നിർമ്മാണം നടത്തി വരുന്നു. നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്. AI സാങ്കേതിക വിദ്യ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്ന വെബ്സൈറ്റ് സഹകരണ സംഘം രജിസ്ട്രേഷൻ, മറ്റ് പ്രവർത്തനങ്ങൾ എന്നിവ പൂർണമായും ഓൺലൈൻ മുഖേന ചെയ്യാവുന്ന വിധത്തിൽ ആണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ